ഉത്തരം

(എ) ഉണ്ട്.

(ബി) 2005–2006 വർഷത്തിൽ 7 സബ്ട്രഷറികൾ തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്.

(സി) തൽക്കാലം ഇതിന് ഉദ്ദേശമില്ല.

നൂറനാട് വൺമാൻ ട്രഷറി സബ്ട്രഷറിയാക്കാൻ നടപടി

43 [1873] *ശ്രീ. കെ. കെ. ഷാജു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ നൂറനാട് പ്രവർത്തിക്കുന്ന വൺമാൻ ട്രഷറി സബ്ട്രഷറി ആക്കുന്നത് സംബന്ധിച്ചുള്ള ഇപ്പോഴത്തെ സ്ഥിതി എന്തെന്ന് വിശദമാക്കുമോ;

(ബി) ബഡ്ജറ്റ് നിർദ്ദേശത്തിൽ ഉള്ള ഈ സബ്ട്രഷറിയുടെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര സബ്ട്രഷറികൾ സംസ്ഥാനത്ത് പുതുതായി ആരംഭിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിലെ നൂറനാട് വൺമാൻ ട്രഷറിയെ സബ്ട്രഷറിയായി മാറ്റാൻ തൽക്കാലം നിർവ്വാഹമില്ല.

(ബി) ബഡ്ജറ്റിൽ പ്രസ്താവിച്ച ആലപ്പുഴ ജില്ലയിലെ മാന്നാറിൽ അനുവദിച്ച സബ്ട്രഷറി പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പുതുതായി ട്രഷറികൾ ആരംഭിച്ചിട്ടില്ല.

അന്തർ സംസ്ഥാന സ്പിരിറ്റ് ലോബിയുടെ പ്രവർത്തനം

44 [1874] *ശ്രീ. ടി. എം. ജേക്കബ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെക്ക്പോസ്റ്റുകൾവഴി സ്പിരിറ്റ് കടത്തുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ കടത്തിയ സ്പിരിറ്റ് ലോറികൾ പിടികൂടിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിന്റെ പിന്നിൽ അന്തർ സംസ്ഥാന സ്പിരിറ്റ് ലോബി പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ ലോബിയെ പിടികൂടുവാൻ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പിടികൂടിയിട്ടുണ്ട്.

(സി) അന്യസംസ്ഥാനങ്ങളിൽനിന്നും സ്പിരിറ്റ് കടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) അനധികൃതമായി സംസ്ഥാനത്തിന്റെ പുറത്തുനിന്ന് സ്പിരിറ്റ് കടത്തുന്നത് തടയുവാൻ ചെക്ക്പോസ്റ്റുകളിൽ പരിശോധന 24 മണിക്കൂറും കർശനമാക്കിയും റോഡ് പരിശോധനകൾ നിരന്തരം നടത്തിയും രഹസ്യനിരീക്ഷണം നടത്തി സദാസമയം പ്രവർത്തിക്കുന്ന ഒരു സ്ട്രൈക്കിംഗ് ഫോഴ്സിനെ നിയോഗിച്ചും താലൂക്കുതല കൺട്രോൾ റൂമുകൾ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. കൂടാതെ ചെക്ക്പോസ്റ്റുകളിൽ ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പോലീസ് വകുപ്പ് അന്വേഷണം മറ്റ് സംസ്ഥാനങ്ങളിലേക്ക് വ്യാപിപ്പിക്കുകയും നിലവിലുള്ള നിയമപ്രകാരം ഇത്തരം പ്രവൃത്തികളിൽ ഏർപ്പെടുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

ബാർ ഹോട്ടലുകൾക്ക് ലൈസൻസ് നൽകുന്നതു സംബന്ധിച്ച് വ്യവസ്ഥകളിൽ വരുത്തിയ മാറ്റങ്ങൾ

45 [1875] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബാർ ഹോട്ടലുകൾക്ക് ലൈസൻസ് നൽകുന്നതു സംബന്ധിച്ച വ്യവസ്ഥകളിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം നിലയിലുള്ള മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; ഇപ്പോൾ ഒരു വർഷത്തേക്കുള്ള കിസ്ത് തുക എത്ര ലക്ഷമാണ്;

(ബി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് ഉണ്ടായിരുന്ന ബാർ ഹോട്ടലുകളുടെയും ബീയർ പാർലറുകളുടെയും മൊത്തം എണ്ണം എത്രയായിരുന്നു; ഇപ്പോൾ അവയുടെ എണ്ണം എത്രയാണ്;

(സി) ബാർ ഹോട്ടലുകൾക്കോ ബീയർ പാർലറുകൾക്കോ ലൈസൻസ് ലഭിക്കുന്നതിനായി ഇതിനകം എത്ര പുതിയ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ടൂറിസം വകുപ്പിൽനിന്നും ലഭിച്ച അപേക്ഷകൾ എത്ര;

LIBRARY ARCHIVES Kerala Legislative Assembly